കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാന്നൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ./സി.13/1839/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 19.12.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

ചെയർമാൻ(സെക്രട്ടറി മുഖാന്തിരം),
പാനൂർ നഗരസഭ

സർ,

വിഷയം: പാനൂർ നഗരസഭ – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.
*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പാനൂർ നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
സീനിയർ ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1 സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്(ഉപരിപത്രം സഹിതം)
2 ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം( ഇ- മെയിൽ)
3 ഡയറക്ടർ നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4 റീജിനൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം,കോഴിക്കോട്
5 കാര്യാലയ പ്രതി

നം. കെ.എസ്.എ.-കെ.എൻ.ആർ./സി.13/1839/2017 തീയതി : 19.12.2017

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ
വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

പാനൂർ മുനിസിപ്പാലിറ്റി 20-1-2017 മുതൽ 17-10-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം

പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 19-10-2017 മുതൽ 31-10-2017 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി. ഉഷ. എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |
| | ശ്രീ. അനൂപ്. കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർ പേഴ്സൺ | ശ്രീമതി. കെ.വി. റംല | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ. യു.പി. പ്രദീപ്. | 1-4-2016 മുതൽ 2-8-2016 വരെ |
| | ശ്രീ. പ്രജിത്ത്. എൻ. | 3-8-2016 മുതൽ 31-3-2017 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കൃഷ്ണകുമാർ. എസ്. | 1-4-2016 മുതൽ 10-7-2017 വരെ |
| | ശ്രീ. അരവിന്ദ്. ഇ. എൻ. | 11-7-2016 മുതൽ 17-8-2016 വരെ |
| | ശ്രീ. ജോസഫ് വിൽഫ്രഡ് | 28-8-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷീന. | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ. ഐ. കെ. അനിൽകുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. സ്മിത. വി. കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. രാജശ്രീ. | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ശ്രീമതി. സരസ്വതി. പി. പി. | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ലീലാമ്മ സാമുവൽ. | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ. അനിൽകുമാർ. സി. | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ. സതീശൻ. പി.കെ. | 24-10-2016മുതൽ 31-3-2017 വരെ |
| പ്രൊജക്ട് ഓഫീസർ PAU | ശ്രീ. സതീശൻ. പി.കെ. | 24-10-2016മുതൽ 31-3-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല | 1-11 | |
| 12 | ആഭ്യന്തരനിയന്ത്രണം | 1-12 | |
| 13 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടന്നിട്ടില്ല | 1-13 | |

| | | | |
|---|---|---|---|
| 14 | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പ്രവർത്തനത്തെ ബാധിക്കുന്നു | 1-14 | |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | പിരിവ് തുക യഥാസമയം ബാങ്കിലൊടുക്കിയില്ല-താത്കാലിക ധനദുർവിനിയോഗം നടത്തി | 2-1 | |
| | | | |
| 16 | വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ - ₹1159 യുടെ നഷ്ടം | 2-2 | |
| 17 | വസ്തുനികുതി - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ | 2-3 | |
| 18 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 19 | ഡി & ഒ ലൈസൻസ് -കെട്ടിട ഉടമയിൽ നിന്ന് സമ്മതപത്രം ഹാജരാക്കുന്നില്ല | 2-5 | |
| 20 | ട്രേഡേഴ്സ് ലിസ്റ്റില്ല -വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽനികുതി, ലൈസൻസ് ഇവ സംബന്ധിച്ച് കൃത്യതയില്ല | 2-6 | |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- കാലാനുസൃതമായി പരിഷ്കരിക്കുന്നില്ല | 2-7 | |
| 22 | വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക | 2-8 | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 23 | സർക്കാർ ഉത്തരവു പ്രകാരമുള്ള SLI വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കുന്നില്ല | 3-1 | |
| 24 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള യഥാർത്ഥ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-2 | |
| 25 | നഗരസഭ അധ്യക്ഷൻമാർക്ക് ദ്വിദിന ശിൽപശാല - ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല ₹5,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 | |
| 26 | വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ₹40,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |
| 27 | പമ്പ്സെറ്റിനുള്ള സബ്സിഡി അനുവദിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം ₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 | |
| 28 | സി.എച്ച്.സി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ₹150000യുടെ മരുന്ന് | 3-6 | |

| | | | |
|---|---|---|---|
| | ഇതുവരെയും ലഭ്യമായിട്ടില്ല. | | |
| 29 | സാന്ത്വന പരിചരണം - ₹140000യുടെ മരുന്നും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. | 3-7 | |
| 30 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഹോമിയോ മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-8 | |
| 31 | അങ്കണവാടി പോഷകാഹാരം - ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹25,00,330 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-9 | |
| 32 | അങ്കണവാടി ഹെൽപ്പർ -വർക്കർ അധിക ഓണറേറിയം - ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹1575182 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-10 | |
| 33 | എ.ബി.സി പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-11 | |
| 34 | തെരുവു വിളക്ക് ലൈൻ വലിക്കൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ₹1805465 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 | |
| 35 | സ്വയം തൊഴിലിന് ടാക്സികാർ / പിക്അപ് വാൻ (എസ്.സി) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ₹4,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-13 | |
| 36 | സമ്പൂർണ വൈദ്യുതീകരണത്തിന് നഗരസഭാവിഹിതം കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-14 | |
| 37 | കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായില്ല ₹11,44,971 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-15 | |
| 38 | ഗുണഭോക്തൃ കമ്മിറ്റിമുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹131318 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-16 | |
| 39 | മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കിയിട്ടില്ല - പിഴ ഈടാക്കിയിട്ടില്ല | 3-17 | |

| | | | |
|---|---|---|---|
| 40 | മരാമത്ത് പ്രവൃത്തികളുടെ വൗച്ചറുകളും ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ₹783648 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-18 | |
| 41 | IAY പട്ടികജാതി 2015-16 വർഷത്തെ അധിക വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-19 | |
| 42 | മുനിസിപ്പാലിറ്റിക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാത്തതിനാൽ നഷ്ടപ്പെട്ടതിന്റെ വിവരം | 3-20 | |
| 43 | മുൻസിപ്പാലിറ്റിയാക്കുമ്പോൾ ഫയലുകളും രേഖകളും കൈമാറുന്ന സാക്ഷ്യപത്രം സൂക്ഷിച്ചില്ല. | 3-21 | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 49 | ഓഡിറ്റ് റിക്കവറി | 4-6 | |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധങ്ങൾ | | | |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 | |
| 54 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2 | |
| 55 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം3 | |
| 56 | ബാലൻസ് ഷീറ്റ് | അനുബന്ധം4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 29-2-2016 ലെ 12/16 -)ാനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല.

| | ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ |
|---|---|---|
| മുന്നിരിപ്പ് | 385464427 | 27104727 |
| വരവ് | 127136440 | 78194457 |
| ആകെ | 165682867 | 105299184 |
| ചെലവ് | 152496000 | 66202077 |
| നീക്കിയിരിപ്പ് | 13186867 | 39097107 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 11-7-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 26-10-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
2. തൊഴിൽനികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
3. ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. ട്രഷറി ബാങ്ക് അക്കൗണ്ടുകൾ വർഷാവസാനം റീക്കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഓർഫനേജ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയില്ല
6. RP-1 ഷെഡ്യൂളിൽ Entertainment Tax ഇനത്തിൽ നെഗറ്റീവ് സംഖ്യ രേഖപ്പെടുത്തിയിരിക്കുന്നു.
7. RP-1 ഷെഡ്യൂളിൽ തൊഴിൽനികുതി(ട്രേഡേഴ്സ്) ഉൾപ്പെടുത്തിയിരിക്കുന്നു

8. ഡെപ്പോസിറ്റ് റജിസ്റ്ററിലെ ബാലൻസ് B-7 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല
9. കാഷ് ബുക്ക് ബാങ്ക്ബുക്ക് എന്നിവ പ്രതിദിനം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല
10. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
11. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ഡവലപ്മെന്റ് ഫണ്ട് നീക്കിയിരിപ്പായി 95512/- രൂപ കാണിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 27104727 |
| വരവ് | 78194457 |
| ആകെ | 105299184 |
| ചെലവ് | 66202077 |
| നീക്കിയിരിപ്പ് | 39097107 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷത്തെ അലോട്ട്മെന്റ് തുക ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് -പൊതു വിഭാഗം | ഇല്ല | 19921358 | 19921358 | 15104863 | 4816495 | 75.82 |
| വികസനഫണ്ട് - എസ്.സി.പി | ഇല്ല | 1753923 | 1753923 | 821500 | 932423 | 46.84 |
| വികസനഫണ്ട് - ടി.എസ്.പി | ഇല്ല | 116538 | 116538 | 0 | 116538 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | ഇല്ല | 10597827 | 10597827 | 3404475 | 7193352 | 32.12 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | ഇല്ല | 7664265 | 7664265 | 2412493 | 5251772 | 31.48 |
| ധനകാര്യ കമ്മീഷൻ അവാർഡ് | ഇല്ല | 10155223 | 10155223 | 6856907 | 3298316 | 67.52 |
| ലോകബാങ്ക്സഹായം | ഇല്ല | 5055194 | 5055194 | 720000 | 4335194 | 14.24 |
| ബി. ഫണ്ട് | ഇല്ല | 74840395 | 74840395 | 74840395 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | ₹ | | | (എണ്ണം) | (എണ്ണം) | % |
| 244 | 127108159 | 90 | 35586303 | 13 | 154 | 31.56 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 46 | 24 | 16368547 | 5432425 | 33.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 141 | 31 | 42540458 | 7323917 | 17.22 |
| കൃഷി ഓഫീസർ | 12 | 4 | 3115400 | 247900 | 7.96 |
| മെഡിക്കൽ ഓഫീസർ CHC | 7 | 7 | 1804215 | 1331129 | 73.78 |
| മെഡിക്കൽ ഓഫീസർ GAD | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ GHD | 1 | 1 | 300000 | 300000 | 100 |
| വെറ്റിനറി സർജൻ | 5 | 5 | 3845000 | 886510 | 23.06 |
| ഹെൽത്ത് ഓഫീസർ | 5 | 4 | 40943000 | 6340494 | 15.49 |
| പ്രൊജക്ട് ഓഫീസർ PAU | 16 | 7 | 6056500 | 2590000 | 42.76 |
| ഹെഡ് മാസ്റ്റർ | 7 | 4 | 3948013 | 3414041 | 86.47 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 2 | 7587026 | 7119887 | 93.84 |
| ആകെ | 244 | 90 | 127108159 | 35586303 | 28 |

## 1-7 തനത് വരുമാനം.

ഈ സാമ്പത്തിക വർഷത്തെ തനതു വരുമാനം താഴെ പറയും പ്രകാരമാണ്.

| ഇനം | ₹ |
|---|---|
| നികുതി വരവുകൾ | 10656053 |
| നികുതിയേതര വരവുകൾ | 3247081 |
| മറ്റ് വരവുകൾ | 79480 |
| ആകെ | 13982614 |

## 1-8 ക്ഷേമപദ്ധതികൾ

2016-17വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 170040 | 89 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3152330 | 624 |
| വിധവാ പെൻഷൻ | 24154680 | 2007 |
| വാർദ്ധക്യകാല പെൻഷൻ | 39970610 | 3950 |
| വികലാംഗ പെൻഷൻ | 5163235 | 582 |
| അവിവാഹിത പെൻഷൻ | 2049500 | 183 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-)ഠ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2017 ന് 3.25 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,19,118 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |
| പെർഫോമൻസ് ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

## 1-11 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല.

വാർഷിക കണക്കിനോടനുബന്ധിച്ചുള്ള ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ₹64,82,794 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും അവാർഡ് തുകയായും ലഭിച്ച തുകയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ചെലവഴിക്കാത്തപക്ഷം തിരിച്ചടക്കേണ്ടുന്ന തുക തിരിച്ചടക്കേണ്ടതാണ്.

## 1-12 ആഭ്യന്തരനിയന്ത്രണം.

1. സ്റ്റാഫ് മീറ്റിങ് : ഓഡിറ്റിന് കാലയളവിൽ പ്രതിമാസം ജീവനക്കാരുടെ യോഗം ചേർന്നിട്ടില്ല. സ്റ്റാഫ് മീറ്റിങ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രതിമാസ ഓഫീസ് യോഗം ചേർന്ന് മുൻസിപ്പാലിറ്റിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്,
2. ഓഫീസ് ഉത്തരവ് : ജീവനക്കാർ സ്ഥാപനത്തിൽ നിന്നും സ്ഥലം മാറിപോകുമ്പോഴും, പുതുതായി ജോലിയിൽ പ്രവേശിക്കുമ്പോഴും, സെക്ഷൻ ചുമതല കൈമാറൽ / സ്വീകരിക്കൽ എന്നിവയുടെ വിവരങ്ങൾ ഓഫീസ് ഉത്തരവ് രജിസ്റ്ററിൽ ചേർത്തുകാണുന്നില്ല.
3. ജോലി നിർവ്വഹിക്കുന്നതിലെ വീഴ്ച മൂലം മുൻസിപ്പൽ ഫണ്ടിന് ഉണ്ടാകാവുന്ന എല്ലാവിധ നഷ്ടങ്ങൾക്കും ബാധ്യതകൾക്കും പ്രസ്തുത സെക്ഷന്റെ ചുമതലയുള്ള ജീവനക്കാരൻ മാത്രമായിരിക്കും ഉത്തരവാദി എന്ന വിവരം ഓഫീസ് ഉത്തരവിൽ ചേർത്തിട്ടില്ല. ആയത് ചേർക്കേണ്ടതാണ്. (1997ലെ കേരള മുൻസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 22 കാണുക.
4. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ചുമത്തുന്ന ചാർജ് / സർചാർജ് സർട്ടിഫിക്കറ്റിൻമേൽ തുക

ഈടാക്കിയിട്ടുണ്ടോ എന്നറിയാൻ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. തുക ഒടുക്കാതെ നോട്ടീസിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും റജിസ്റ്ററുകളിൽ ചേർക്കേണ്ടതാണ്.

5. വ്യക്തി വിവര റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ് : വിവിധ തസ്തികകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്, വിലാസം, സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്
6. ഫ്രണ്ട് ഓഫീസ് സംവിധാനം വിലയിരുത്തേണ്ടതാണ് : ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനം മോണിറ്ററിങ് സമിതി കൃത്യമായി വിലയിരുത്തേണ്ടതാണ്.

## 1-13 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടന്നിട്ടില്ല.

പ്രൊജക്ടുകളുടെ മോണിട്ടറിംഗ് നടത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണം ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പദ്ധതികളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. സർക്കാർ ഉത്തരവ് (എം.എസ് ) 28/2001 ത.സ്വ.ഭ.വ തീ. 13.2.2001 പ്രകാരം പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ യിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. മോണിട്ടറിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം – പ്രവർത്തനത്തെ ബാധിക്കുന്നു

പാനൂർ നഗരസഭ പഞ്ചായത്തായിരുന്ന കാലയളവിൽ തന്നെ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ സ്ഥലസൗകര്യത്തിന്റെ അഭാവത്തിൽ വീർപ്പുമുട്ടുന്ന നിലയിലായിരുന്നു. രണ്ട് പഞ്ചായത്തുകൾ കൂടി ലയിപ്പിച്ച് നഗരസഭ ആക്കിയതോടെ പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. എന്നാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ദീർഘവീക്ഷണത്തോടെ ഫലപ്രദമായ യാതൊരു നടപടിയും ഇതേവരെ കൈക്കൊണ്ടില്ല എന്നത് ഭരണ സമിതിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. സ്ഥലം കണ്ടെത്താനുള്ള ശ്രമം നടത്തുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട ചെയർപേഴ്സൻ അറിയിച്ചതല്ലാതെ അതൊന്നും ഫലവത്തായി കാണുന്നില്ല. ഇത് നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഒരു നികുതിദായകനെ സംബന്ധിച്ച് മെച്ചപ്പെട്ടതും കാലവിളംബം കൂടാതെയും സേവനം ലഭ്യമാക്കാനും നഗരസഭയ്ക്ക് ഇതുകൊണ്ടു സാധിക്കുന്നില്ല. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ താമസംവിനാ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇപ്പോൾ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പിരിവ് തുക യഥാസമയം ബാങ്കിലൊടുക്കിയില്ല-താത്കാലിക ധനദുർവിനിയോഗം നടത്തി

2007 ലെ കേരളാ മുനിസിപ്പാലിറ്റി അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 21 പ്രകാരം കാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും വിധേന ലഭിക്കുന്ന തുകകൾ ₹500യിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ട്രഷറി / ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ പാനൂർ മുനിസിപ്പാലിറ്റിയിൽ

ചില ദിവസങ്ങളിലെ കളക്ഷൻ തുക കുറവ് വന്നതായും കുറവു വന്ന തുക (24-03-17 ലേതൊഴികെ) ഏതാനും ദിവസങ്ങൾക്ക് ശേഷം ഒടുക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കളക്ഷൻ തീയതി | ആകെ പിരിവു തുക ₹ | തൊട്ടടുത്ത ദിവസം ബാങ്കിലൊടുക്കിയ തുക₹ | ഒടുക്കുന്നതിൽ കുറവ് വന്ന തുക₹ | കുറവ് വന്ന തുക ബാങ്കിലൊടുക്കിയ തീയ്യതി |
|---|---|---|---|---|
| 24-03-17 | 188513 | 188313 | 200 | വിവരം ലഭ്യമല്ല |
| 05-04-17 | 59259 | 54082 | 5177 | 05-10-17 |
| 10-04-17 | 64282 | 64252 | 30 | 05-10-17 |
| 05-06-17 | 61836 | 61264 | 572 | 05-10-17 |

ചില ദിവസങ്ങളിൽ യഥാർത്ഥ പിരിവു തുകയെക്കാൾ അധികം തുക ബാങ്കിലൊടുക്കിയിട്ടുണ്ട്. ബാങ്കിൽ അധികമൊടുക്കിയ പിരിവു തുക മറ്റേതെങ്കിലും തീയ്യതിയിൽ ഒടുക്കുന്നതിൽ കുറവ് വന്ന തുകയാണോ എന്നതും വ്യക്തമല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കളക്ഷൻ തീയതി | ആകെ പിരിവു തുക ₹ | തൊട്ടടുത്ത ദിവസം ബാങ്കിലൊടുക്കിയ തുക ₹ | കൂടുതൽ ഒടുക്കിയത് |
|---|---|---|---|
| 27-03-17 | 184858 | 184878 | 20 |
| 27-06-17 | 12521 | 14847 | 2326 |

മേൽപ്പറഞ്ഞതിൽ നിന്നും പിരിവു തുക ബാങ്കിലൊടുക്കുന്നതിൽ ഉത്തരവാദപ്പെട്ടവർ അലംഭാവം കാണിക്കുന്നുണ്ടെന്ന് വ്യക്തമാണ്. 05-04-17 ലെ പിരിവു തുക ഒടുക്കുന്നതിൽ കുറവ് വന്ന ₹5177ആറ് മാസം കഴിഞ്ഞാണ് ബാങ്കിലൊടുക്കുന്നത്. ഇത് കാഷ് കൈകാര്യം ചെയ്യുവരുടെ ഭാഗത്ത് നിന്നുണ്ടായ താത്കാലിക ധനദുർവിനിയോഗമാണ്. ബാങ്കിലൊടുക്കുന്നതിൽ കുറവ് വന്നതുകയുടെ പലിശസഹിതം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ - ₹1159 യുടെ നഷ്ടം

പാനൂർ, കരിയാട്, പെരിങ്ങളം എന്നീ ഗ്രാമ പഞ്ചായത്തുകൾ 1-11-2015 മുതൽ പാനൂർ മുനിസിപ്പാലിറ്റിയായി മാറിയെങ്കിലും 31-3-2016 വരെയുള്ള കാലയളവിൽ 2011 കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും, സർചാർജും ചട്ടങ്ങൾ പ്രകാരമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. മുനിസപ്പൽ കൗൺസിലിന്റെ 8-6-2016 ലെ 44/16 നമ്പർ തീരുമാന പ്രകാരം കരട് വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 1-4-2016 മുതൽ പ്രാബല്യത്തോടെ മുനിസിപ്പൽ നിരക്കിൽ വസ്തുനികുതി പരിഷ്കരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 14-1-2011 ലെ 18/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങൾക്കും ബാധകമായ ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്കിൽ ഇളവ് / വർദ്ധനവ് നിശ്ചയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 200 ച.മീ മുതൽ 300 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് 10% വർദ്ധനവും 300 ച .മീറ്ററും അതിൽ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിലെ പുതിയ കെട്ടിടങ്ങൾക്ക് വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ | വാർഡ്/കെട്ടിട നമ്പർ നികുതി | ഉടമയുടെ പേര് | വസ്തു നികുതി | കുറവ് | രസീത് |
|---|---|---|---|---|---|

| നമ്പർ | നിർണ്ണയിച്ച തീയ്യതി | തറ വിസ്തീർണ്ണം | നിർണ്ണയിച്ചത് | നിർണ്ണയിക്കേണ്ടത് | ₹ | നം. |
|---|---|---|---|---|---|---|
| 1 | 3/137<br>27-2-2017 | കുറ്റേരിക്കണ്ടിയിൽ മഹമ്മൂദ്<br>കുറ്റേരിക്കണ്ടിയിൽ ഹൗസ്<br>249.7m$^2$ | 1575+158+79<br>=1812 | 1575+158+158+79<br>=1970 | 158 | 1108184/<br>27.2.17 |
| 2 | 11/294<br>3-3-2017 | ചാലിൽ കണ്ടിയിൽ നൗഫൽ<br>പി.കെ.കോട്ടേജ് പാനൂർ<br>250.29m$^2$ | 1575+ 158<br>+79 =1812 | 1575+158+158+79<br>=1970 | 158 | 1108504/<br>03.03.17 |
| 3 | 9/226<br>1-3-2017 | പി.കെ. മുഹമ്മദ് ഷാഫി<br>പാക്കത്തിയിൽ വീട്<br>514.60m$^2$ | 3554 +356<br>+178 =4088 | 3554 +711+356<br>+178 =4799 | 711 | 11601108405/<br>01.03.17 |
| 4 | 4/27A<br>2-3-2017 | കുനിയിൽ കൊളങ്ങര രാജേഷ്<br>കുനിയിൽ കൊളങ്ങര ഹൗസ്<br>244.24m$^2$ | 1323<br>+132+66<br>=1521 | 1323<br>+132+132+66<br>=1653 | 132 | 1108452/<br>02.03.17 |
| | | ആകെ | | | 1159 | |

വസ്തുനികുതി കണക്കാക്കിയതിൽ കുറവുവന്ന ₹1159 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ മുനിസിപ്പാലിറ്റിയ്ക്ക് തുടർന്നുള്ള വർഷവും നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാൽ 200 ച.മീ കൂടുതൽ തറ വിസ്തീരണ്ണമുള്ള മുഴവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ.

വസ്തുനികുതി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. കെട്ടിട നിർമ്മാണ പെർമിറ്റ് സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. (സർക്കുലർ നം. 12900 /ആർ.എ.1 / 2015/ ത.സ്വ.ഭ.വ തീ. 21.12.15. ) കെട്ടിട നിർമ്മാണം

പൂർത്തിയാക്കിയതിന്റെ വിവരം, അസസ്സ്മെന്റ് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നിർമ്മാണം പൂർത്തിയായ മുഴുവൻ കെട്ടിടങ്ങൾക്കും അസസ്സ്മെന്റ് നമ്പർ നൽകി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

2. 2016-17 വർഷം ഒഴിവായി കിടന്ന കെട്ടിടങ്ങളുടെ നികുതിയിളവ് നൽകിയതിന്റെ (വേക്കൻസി റമ്മിഷൻ ) വിശദവിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. പൊളിച്ച് കളഞ്ഞതിനാൽ നികുതിയിൽ നിന്നു ഒഴിവാക്കിയ കെട്ടിടങ്ങളെ സംബന്ധിച്ച റൈറ്റ് ഓഫ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. അനധികൃത കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകളുടെ അഭാവം കാരണം അനധികൃത കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല.
5. ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം പൂർത്തിയായ തിയ്യതി രേഖപ്പെടുത്താത്തതിനാൽ പൂർത്തിയായ തിയ്യതി മുതൽ നികുതി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

## 2-4 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

പാനൂർ മുനിസിപ്പാലിറ്റിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം | പരാമർശം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ,പാനൂർ | 2016-17 I & II Half തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2 | കെ.എസ്.ഇ.ബി,പാനൂർ | -ടി- |
| 3 | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,പാനൂർ | -ടി- |
| 4 | പാനൂർ സർവ്വീസ് സഹകരണ ബാങ്ക് സായാഹ്ന ശാഖ,പാനൂർ | -ടി- |
| 5 | ജില്ലാസഹകരണ ബാങ്ക്,പെരിങ്ങത്തൂർ ശാഖ | -ടി- |
| 6 | ഫെഡറൽ ബാങ്ക് ,പാനൂർ | -ടി- |
| 7 | തലശ്ശേരി കോ-ഓപ് റൂറൽ ബാങ്ക്,പാനൂർ | -ടി- |
| 8 | SBT പെരിങ്ങത്തൂർ | 2016-17 II Half തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 9 | KGB പെരിങ്ങത്തൂർ | -ടി- |
| 10 | SBT ഗോൾഡ് ലോൺ പോയിന്റ്,പാനൂർ | 2016-17 I & II Half |

| | | |
|---|---|---|
| | | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 11 | അപ്പോളോ അസോസിയേറ്റ്സ്-ഹീറോ വെഹിക്കിൾസ് ,പാനൂർ | -ടി- |
| 12 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് സർവ്വീസ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്,പാനൂർ | -ടി- |
| 13 | മലബാർ സൂപ്പർമാർക്കറ്റ് പൂക്കോം | -ടി- |
| 14 | മാവേലി സ്റ്റോർ,മേക്കുന്ന് | -ടി- |
| 15 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | -ടി- |
| 16 | കരിയാട് സർവ്വീസ് സഹകരണബാങ്ക് | -ടി- |

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള സ്ഥാപന തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ കൈകക്കൊള്ളേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് -കെട്ടിട ഉടമയിൽ നിന്ന് സമ്മതപത്രം ഹാജരാക്കുന്നില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 ഉപചട്ടം 1 പ്രകാരം ലൈസൻസിനുള്ള അപേക്ഷ നൽകിയയാൾ കെട്ടിടഉടമസ്ഥൻ അല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം നിശ്ചിതതുകയ്ക്കുള്ള മുദ്രപത്രത്തിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ പെരിങ്ങളം സോണിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ ഇപ്രകാരം സമ്മതപത്രം ഇല്ലാതെയാണ് വാടകക്കാരായ അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|---|
| 1 | രാജേഷ്. പി.എം, കളരിക്കണ്ടിയിൽ, പെരിങ്ങത്തൂർ | IX/597 | സ്റ്റേഷനറി |
| 2 | വിജേഷ്. പി.എം. കളരിക്കണ്ടിയിൽ, പെരിങ്ങത്തൂർ | IX/560 | ആയുർവേദ മരുന്ന വിൽപന |
| 3 | ഷംസുദ്ദീൻ. വി.പി. വയലോത്ത് പീടികയിൽ, പെരിങ്ങത്തൂർ | IX/531 | പത്രങ്ങൾ, മാസികകൾ |

| | | | |
|---|---|---|---|
| 4 | ശ്രീധരൻ. ടി.<br>തേക്കിലയിൽ ഹൗസ്, പെരിങ്ങത്തൂർ | IX/565 | ബേയ്ക്കറി |
| 5 | വിനോദൻ. ടി.<br>തൊണ്ട്യന്റവിട താഴെ കുനിയിൽ | XIII/188 | അനാദി,പച്ചക്കറി,<br>സ്റ്റേഷനറി |
| 6 | സ്മിനോജ്.<br>സ്മിതാനിവാസ്, അണിയാരം | XII/143 | ഹോട്ടൽ |
| 7 | കാട്ടിൽ ശശി<br>പെരിങ്ങത്തൂർ പി.ഒ | IX/533 | അനാദി,<br>ക്രോക്കറി |

വാടകക്കാരന്റെ സമ്മതപത്രത്തോടെ മാത്രമേ ലൈസൻസ് അനുവദിക്കുന്നുള്ളൂ എന്നുറപ്പുവരുത്തേണ്ടതാണ്.

## 2-6 ട്രേഡേഴ്സ് ലിസ്റ്റില്ല -വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽനികുതി, ലൈസൻസ് ഇവ സംബന്ധിച്ച് കൃത്യതയില്ല

പാനൂർ, പെരിങ്ങളം, കരിയാട് എന്നീ മൂന്ന് പഞ്ചായത്തുകൾ കൂട്ടിച്ചേർത്താണ് പാനൂർ മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ടുള്ളത്. ഈ മൂന്ന് പഞ്ചായത്തുകളിലുമായി ആകെ എത്ര വ്യാപാര സ്ഥാപനങ്ങളുണ്ടെന്നത് സംബന്ധിച്ചുള്ള വിവരം മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുനിസിപ്പാലിറ്റിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടോ എന്നും മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2016-17 ൽ പെരിങ്ങളം സോണിൽ 299 വ്യാപാര സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ 179 സ്ഥാപനങ്ങളിൽനിന്ന് മാത്രമാണ് തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. 120 സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/25-10-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയിലെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനും ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ഷോപ്പിംഗ് കോംപ്ലക്സ് വാടക- കാലാനുസൃതമായി പരിഷ്കരിക്കുന്നില്ല

പാനൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ പെരിങ്ങളം ഗ്രാമ പഞ്ചായത്തിന് കീഴിലായിരുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സും പാനൂർ ഗ്രാമ പഞ്ചായത്തിന് കീഴിലായിരുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സും ബസ് സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടെ മൂന്ന് ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളത്. മേൽ ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള അംഗീകൃത ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വർഷങ്ങളായി മുറികൾ കൈവശം വച്ചുവരുന്നവർക്ക് തന്നെ വർഷംപ്രതി 10% വാടക വർദ്ധനവിൽ മുറികൾ വീണ്ടും വാടകയ്ക്ക് നൽകിവരികയാണ് ചെയ്യുന്നത്. മുറികളുടെ വാടക കാലോചിതമായി പരിഷ്കരിക്കാനുള്ള യാതൊരു നടപടിയും അധികൃതർ സ്വീകരിച്ചിട്ടില്ല. മുനിസിപ്പാലിറ്റി

പരിധിയിൽ വിവിധയിടങ്ങളിലായി സ്ഥിതി ചെയ്യുന്ന ഈ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളുടെ വാടക കാലോചിതമായും മുനിസിപ്പാലിറ്റി നിരക്കിനനുസൃതമായും പരിഷ്കരിക്കാനും ഇത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം നേടാനുമുള്ള നടപടികൾ സ്വീകരിക്കുകയും അത് വഴി മുനിസിപ്പൽ ഫണ്ട് വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 2-8 വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക

പാനൂർ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതിയിനത്തിൽ 28,74,516/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി 10,82,379/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഈ തുക മുഴുവൻ എത്രയും പെട്ടെന്ന് പിരിച്ചെടുക്കാൻ നടപടിയെടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ ഉത്തരവു പ്രകാരമുള്ള SLI വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കുന്നില്ല

GO(P) No.149/16 Fin 4-10-16 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ SLI വിഹിതം 1-1-2017 മുതൽ പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്. എന്നാൽ പാനൂർ മുൻസിപ്പാലിറ്റിയിലെ ജീവനക്കാരുടെ, 2016ഫെബ്രുവരി മാസത്തെ ശമ്പളബിൽ പ്രകാരം SLI വിഹിതത്തിൽ കുറവുള്ളവരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം ₹ | അടവാക്കേണ്ടത് ₹ | അടവാക്കിയത് ₹ | കുറവ് ₹ |
|---|---|---|---|---|---|
| 1 | സുമംഗല. കെ. പി അക്കൗണ്ടന്റ് | 33100 | 300 | 150 | 150 |
| 2 | ജയപ്രകാശ്. എം സീനിയർ ക്ലർക്ക് | 27800 | 300 | 100 | 200 |
| 3 | സജിവേന്ദ്രൻ. വി. എ അസി. സെക്രട്ടറി | 40500 | 500 | 450 | 50 |
| 4 | സോണി. ബി. എൻ സീനിയർ ക്ലർക്ക് | 28500 | 300 | 250 | 50 |
| 5 | സതീശൻ. പി.കെ ഹെൽത്ത് ഇൻസ്പെക്ടർ | 40800 | 500 | 200 | 300 |
| 6 | പ്രേമലത. കെ അസി. സെക്രട്ടറി | 41500 | 500 | 450 | 50 |
| 7 | സുനിൽ കുമാർ. സി സീനിയർ ക്ലർക്ക് | 28500 | 300 | 175 | 125 |
| 8 | അനീഷ് കുമാർ. കെ. പി ക്ലർക്ക് | 21100 | 300 | 150 | 150 |

സർകാർ ഉത്തരവു പ്രകാരമുള്ള SLI വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടെന്നുറപ്പ് വരുത്തേണ്ടതാണ്.

## 3-2 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള യഥാർത്ഥ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2016-17 വാർഷിക കണക്കുകളിലെ B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ ഇനത്തിൽ ₹9,000 തിരികെ ഈടാക്കാൻ ബാക്കിയുണ്ട്. വൗച്ചർ നമ്പർ 21600625/8-9-2016 പ്രകാരം ശ്രീ. അബ്ദുൾ അസീസ്. കെ.പി, സീനിയർ ക്ലർക്കിന് ₹15,000 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയിട്ടുണ്ട്.

അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സീനിയർ ക്ലർക്കായ ശ്രീ. അബ്ദുൾ അസീസിന് അനുവദിച്ച അഡ്വാൻസ് ഇനത്തിലുള്ള ₹12,000 പാനൂർ മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് 25-7-2017 ലെ എ.1-2062/17 നമ്പർ പ്രകാരം കണ്ണൂർ കോർപ്പറേഷന്റെ പള്ളിക്കുന്ന് സോണൽ ഓഫീസിലേക്ക് കത്ത് അയച്ചിട്ടുണ്ട്. അഡ്വാൻസ് ഇനത്തിലുള്ള ₹12,000 വാർഷിക കണക്കുകളിലെ B-18 ഷെഡ്യൂൾ പ്രകാരം പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ് ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള യഥാർത്ഥ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് സമയപരിധിക്കകം തിരിച്ചടക്കാൻ വൈകിച്ചവരിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരമുള്ള പിഴ പലിശ കൂടി ഈടാക്കി എന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 നഗരസഭ അധ്യക്ഷൻമാർക്ക് ദ്വിദിന ശിൽപശാല - ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല ₹5,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമെനിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ നഗരസഭ അധ്യക്ഷൻമാർക്ക് വേണ്ടി നടത്തിയ ദ്വിദിന ശിൽപശാല സംഘടിപ്പിക്കുന്ന ചെലവിലേക്ക് സ.ഉ (സാധാ) 3321/2016 തസ്വഭവ തീ. 5-12-2016 പ്രകാരം ₹5,000 (ചെക്ക് നമ്പർ 0678542/4-1-17) സംഭാവന നൽകിയിട്ടുണ്ട്. സംഭാവന നൽകുന്ന നഗരസഭക്ക് ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/25-10-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹5,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ₹40,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 69/17

പ്രൊജക്ടിന്റെ പേര് : വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ

അടങ്കൽ : ₹155000. വികന ഫണ്ട്

ചെലവ് : ₹40,000

ബിൽ നമ്പർ : 73/16-17/30-3-2017

വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീമതി എൻ.പി. നിഷ എന്നവർക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് ₹40,000 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ടുള്ള താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. ഓട്ടോറിക്ഷ വാങ്ങിയതിന്റെ ഇൻവോയ്സ്
2. വാഹനം റജിസ്റ്റർ ചെയ്തതിന്റെ സർടിഫിക്കറ്റ്
3. വാഹന വായ്പയുടെ വിശദാംശങ്ങൾ
4. ബാക്ക് എൻഡ് സബ്സിഡിയായി തുക അനുവദിച്ചതിന്റെ വിവരം
5. എംപ്ലോയ്മെന്റ് റജിസ്ട്രേഷൻ സർടിഫിക്കറ്റ്

മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/25-10-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹40,000യുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

## **3-5** <u>പമ്പ്സെറ്റിനുള്ള സബ്സിഡി അനുവദിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം **₹30000**യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്റ്റ് നമ്പർ : 37/17

പ്രൊജക്റ്റിന്റെ പേര് : പമ്പ്സെറ്റ് നൽകൽ

അടങ്കൽ : ₹ 75000 വികസന ഫണ്ട്

: ₹75000 ഗുണഭോക്തൃവിഹിതം

ആകെ : ₹150000

ചെലവ് : ₹10000 ബിൽ നമ്പർ : 1/16-17/27-3-2017

: ₹20000 ബിൽ നമ്പർ : 5/16-17/28-3-2017

ആകെ : ₹30000

കാർഷികാവശ്യത്തിനായി പമ്പ്സെറ്റിനുള്ള സബ്സിഡി ആനുവദിക്കുന്നതിനുള്ള മേൽ പ്രൊജക്റ്റിന്റെ ഭാഗമായി ബിൽ നമ്പർ 1/16-17/27-3-2017 പ്രകാരം പിൻവലിച്ച ₹10000 കാക്കുഴിപറമ്പത്ത് കൃഷ്ണൻ, കുങ്കന്റവിട രാധ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് ₹5000 വീതവും ബിൽ നമ്പർ 5/16-17/28-3-2017 പ്രകാരം പിൻവലിച്ച ₹20000 മുല്ലേരികണ്ടി താഴെ കുനിയിൽ കുമാരൻ, കിളച്ചപറമ്പത്ത് ചാത്തുകുട്ടി, പൊരയിന്റവിട മീത്തൽ ദേവൂട്ടി, വിജയകുമാരൻ നമ്പ്യാർ എന്നീ നാല് ഗുണഭോക്താക്കൾക്ക് ₹5000 വീതവും നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/16 ത.സ്വ.ഭ.വ തീ. 11.1.16 പ്രകാരം സമിതികൾക്കും സംഘങ്ങൾക്കും മാത്രമെ പമ്പ്സെറ്റിനുള്ള സബ്സിഡി നൽകാവൂ എന്നും വ്യക്തികൾക്ക് നൽകാൻ പാടില്ലയെന്നും നിഷ്കർഷിക്കുന്നു. എന്നാൽ മേൽ പറഞ്ഞ ആറ് ഗുണഭോക്താക്കൾക്കും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് സബ്സിഡി അനുവദിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.8/23-10-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖ ലംഘനം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## **3-6** <u>സി.എച്ച്.സി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - **₹150000**യുടെ മരുന്ന് ഇതുവരെയും ലഭ്യമായിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ CHC

പ്രൊജക്റ്റ് നമ്പർ : 78/17

പ്രൊജക്റ്റിന്റെ പേര് : ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : ₹150000. വികന ഫണ്ട്

ചെലവ് : ₹150000.

ബിൽ നമ്പർ : 4/16-17/21-3-2017

മേൽ പ്രൊജക്റ്റ് പ്രകാരം CHCപാനൂരിന് മരുന്ന് വാങ്ങുന്നതിനായി ₹1,50,000 തിരുവനന്തപുരത്തുള്ള കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ജില്ലാ മരുന്നു സംഭരണ വിതരണ ശാല അസിസ്റ്റന്റ് മാനേജരുടെ ലഭ്യതാരഹിത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് വാങ്ങുന്നതിനാണ് മുൻകൂറായി തുക നൽകിയിട്ടുള്ളത്. എന്നാൽ മരുന്നുകൾ ഇതുവരെയും സി.എച്ച്.സി ക്ക് ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## **3-7** സാന്ത്വന പരിചരണം - ₹140000യുടെ മരുന്നും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

പ്രൊജക്ട് നമ്പർ/പേര് : 64/17 സാന്ത്വന പരിചരണം.

അടങ്കൽ : ₹900000 വികസന ഫണ്ട്

: ₹369215 തനത് ഫണ്ട്

ആകെ : ₹1269215

ചെലവ് തുക : ₹359945 ബിൽ നമ്പർ : 1/16-17/31-1-2017

: ₹25100 ബിൽ നമ്പർ : 2/16-17/21-3-2017

: ₹140000 ബിൽ നമ്പർ : 5/16-17/21-3-2017

: ₹111025 ബിൽ നമ്പർ : 8/16-17/24-3-2017

: ₹15600 ബിൽ നമ്പർ : 9/16-17/24-3-2017

: ₹53615 ബിൽ നമ്പർ : 10/16-17/24-3-2017

: ₹111070 ബിൽ നമ്പർ : 14/16-17/30-3-2017

ആകെ : ₹ 816355

